പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്വയം വിരമിക്കൽ പദ്ധതി

19 (173) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടപ്പെട്ടവരുടെയും സ്വയം വിരമിച്ചവരുടെയും വിശദാംശങ്ങൾ നൽകുമോ ;

(ബി) 2005 നവംബർ 30-നുള്ളിൽ സ്വയംവിരമിക്കൽ പദ്ധതി നടപ്പാക്കണമെന്ന് സർക്കാർ ഉത്തരവിട്ടിട്ടുണ്ടായിരുന്നോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി&സി) 24-11-2005-ലെ (എംഎസ്.)152/05/വ്യവ. ഉത്തരവ് പ്രകാരം സ്വയം വിരമിക്കൽ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനു മുൻഗണന നൽകുന്നതിന്റെ ഭാഗമായും സർക്കാർ ഖജനാവിലെ പരിമിതികൾ കണക്കിലെടുത്തും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ VRS/SSNP-യിൽ ഉൾപ്പെടുത്തുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2005 നവംബർ 30 ആയി തീരുമാനിച്ചു. എന്നാൽ ഇത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾക്കായി കുറച്ചുകൂടി സമയം ആവശ്യമുള്ളതിനാൽ ധനസഹായത്തിനുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2006 വരെയായി 23-12-2005-ലെ (എംഎസ്) 165/2005/വ്യവ പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകളും ഭേദഗതി ഉത്തരവിന്റെ പകർപ്പും അനുബന്ധം 2, 3, 4 ആയി ചേർത്തിരിക്കുന്നു.*

നീലേശ്വരത്തെ നോട്ടു ബുക്ക് നിർമ്മാണ യൂണിറ്റിനായി ചെലവഴിച്ച തുക

20 (174) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തെ നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ് എത്ര വർഷമായി പ്രവർത്തിക്കുന്നുണ്ടെന്നും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ; ഇവിടെ എത്ര വനിതകളാണ് തൊഴിലെടുത്തുവരുന്നതെന്നും ഇവർക്ക് ഏത് നിരക്കിലാണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly